07/01/22
17/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No.60(6)/2021**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*1143/എസ്.ഐ.സി-ജി 5/2021*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ലാലൻ എൻ.,
കൃഷ്ണാലയം,
പാറക്കര പി.ഒ., തട്ടയിൽ,
അടൂർ, പത്തനംതിട്ട
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   താലൂക്ക് ആഫീസ്, കോട്ടക്കകം,
   തിരുവനന്തപുരം
2. അപ്പീൽ അധികാരി &
   തഹസിൽദാർ,
   താലൂക്ക് ആഫീസ്, കോട്ടക്കകം,
   തിരുവനന്തപുരം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 18.09.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 25.11.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 22.12.2020 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 04.01.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 21.01.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05.02.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 04.03.2021 |
| ഹിയറിംഗ് തീയതി | 10.12.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

RIGHT TO INFORMATION

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ലാലൻ എൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം ജില്ലാ കളക്ടർക്ക് സമർപ്പിച്ച അപേക്ഷയിലെ മൂന്നാം ഇനത്തിന് മറുപടി തരുന്നതിനായി അപേക്ഷയുടെ പകർപ്പ് തിരുവനന്തപുരം താലൂക്കിലേക്ക് കൈമാറിയതായി അറിയിച്ചുവെന്നും മറുപടി ലഭ്യമാക്കാൻ വേണ്ട ഫീസ് അടച്ചുവെന്നും കവറിംഗ് ലെറ്ററോ നമ്പരോ തീയതിയോ രേഖപ്പെടുത്താതെയുളള രേഖ മാത്രമാണ് ലഭിച്ചതെന്നും ഒന്നാം എതിർകക്ഷി ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടി അപ്പീൽ അപേക്ഷയിന്മേൽ അപ്പീൽ അധികാരി നൽകിയ മറുപടിയും തൃപ്തികരമല്ലെന്നും ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കാൻ കമ്മീഷൻ നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 18.09.2020 ൽ കളക്ടറേറ്റിൽ സമർപ്പിച്ച അപേക്ഷയിലെ മൂന്നാം ചോദ്യത്തിന് മറുപടി ലഭ്യമാക്കാൻ തിരുവനന്തപുരം താലൂക്കിലേക്ക് കൈമാറിയതായി ടിയാനെ അറിയിച്ചുവെന്നും എന്നാൽ ആയതിന് തൃപ്തികരമായ മറുപടി ലഭ്യമായില്ലെന്നതാണ് ടിയാന്റെ ആക്ഷേപം എന്നു കാണുന്നു. ടിയാന്റെ മൂന്നാം ചോദ്യത്തിൽ ആവശ്യപ്പെട്ടത്, ശ്രീ. അഭിലാഷ് കെ.എസ്. പട്ടയം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് കളക്ടറേറ്റിൽ തന്ന അപേക്ഷയുടെ പകർപ്പ് ഹാജരാക്കുന്നുവെന്നും പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച രേഖകൾ നൽകണമെന്നുമാണ്. ആയതിന് ഒന്നാം എതിർകക്ഷി ഹർജികക്ഷിക്ക് ശ്രീ. അഭിലാഷ് സമർപ്പിച്ച അപേക്ഷയെ സംബന്ധിച്ച കാര്യാലയ കുറിപ്പിന്റെ പകർപ്പ് അയച്ചു നൽകിയതായി കാണുന്നു. ആയത് തൃപ്തികരമല്ലാത്തതിനാൽ ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 3-ാം ചോദ്യത്തിനുളള മറുപടി എസ്.പി.ഐ.ഒ. എൽ.എ.

സെക്ഷൻ സൂപ്രണ്ട് സമയബന്ധിതമായി നൽകിയിട്ടുള്ളതായി കാണുന്നുവെന്നാണ്.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 04.03.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ ക്രമനമ്പർ 3 പ്രകാരമുള്ള ചോദ്യത്തിന് ശ്രീ. അഭിലാഷിന്റെ ടി കാര്യാലയത്തിലെ എൽ.എ. 3 25826/18 നമ്പർ പട്ടയഫയൽ പ്രകാരം നാളിതുവരെ സ്വീകരിച്ച നടപടികളുടെ ഓഫീസ് കുറിപ്പിന്റെ പകർപ്പ് റ്റി.ആർ. 5 ഒടുക്കി കൈപ്പറ്റുന്നതിന് 27.10.2020 ൽ എസ്.പി.ഐ.ഒ. എൽ.എ. സെക്ഷൻ സൂപ്രണ്ട് എൽ.എ. 3-25022/20 നമ്പർ പ്രകാരം നിർദ്ദേശം നൽകുകയും ആയത് പ്രകാരം കക്ഷി 4 രൂപ ഒടുക്കി 03.11.2020 ൽ രേഖകളുടെ പകർപ്പ് കൈപ്പറ്റിയിട്ടുള്ളതാണെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ശ്രീ. ലാലൻ കളക്ടറേറ്റിലേക്കു നൽകിയ വിവരാവകാശ അപേക്ഷയിലെ ക്രമനമ്പർ 3 ലഭ്യമാക്കാൻ നിർദ്ദേശിച്ച് പകർപ്പ് തിരുവനന്തപുരം താലൂക്കാഫീസിലേക്ക് അയച്ചതും അഭിലാഷ് എന്നയാൾക്ക് പട്ടയം ലഭിക്കുന്നതിനെ സംബന്ധിച്ച് റവന്യൂ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടാണ് അപേക്ഷ; ആയതിന് പഴയ ഫയൽ പ്രകാരം നാളിതുവരെ സ്വീകരിച്ച നടപടികളുടെ ഓഫീസ് കുറിപ്പ് സഹിതം ഫീസടച്ച് രേഖകളുടെ പകർപ്പ് കൈപ്പറ്റിയിട്ടുള്ളതാണ്. എങ്കിലും ടിയാന്റെ ആവശ്യത്തിന് ഇനിയും പരിഹാരം ആയിട്ടില്ലെന്നാണ് ടിയാൻ മൊഴിയിൽ പറയുന്നത്. പരമ്പരാഗതമായി ടിയാന്റെയും കുടുബത്തിന്റെ കൈവശത്തിലും അനുഭവത്തിലും ടിയാന്റെ സഹോദരിയും കുടുംബവും വർഷങ്ങളായി താമസിച്ചു വരുന്നതുമായിട്ടുള്ള ടി 10 സെന്റ് വസ്തു മറ്റൊരാൾക്ക് സർക്കാർ പട്ടയം നൽകിയിരിക്കുന്നു എന്നതാണ് വിഷയം. ആയത് ടിയാന്റെ സഹോദരി സതിക്ക് പട്ടയം ലഭ്യമാക്കാൻ വേണ്ടിയാണ് ടിയാൻ വർഷങ്ങളായി വിവരാവകാശ നിയമം അടക്കം വിവിധ വേദികളെ സമീപിച്ചിരിക്കുന്നത്. പ്രശ്ന പരിഹാരമോ, പ്രശ്നപരിഹാര നിർദ്ദേശമോ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെങ്കിലും ഒരു സാധാരണക്കാരന്റ ന്യായമായ പ്രശ്നം എവിടെയും പരിഹൃതമാകാതെ വരുന്നതിനാലാണ് ഇവിടെ ഒരേ വിഷയത്തിൽ നിരന്തരം

അപേക്ഷകൾ വരുന്നതെന്നു വേണം കാണാൻ. ഈ വിഷയത്തിൽ ലാന്റ് റവന്യൂ കമ്മീഷണർ അന്വേഷണം നടത്തി ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്. ആയതിലേക്കായി കമ്മീഷൻ സെക്രട്ടറി ഈ ഉത്തരവിന്റെ പകർപ്പ് ലാന്റ് റവന്യൂ കമ്മീഷണർക്ക് അയച്ചു നൽകുവാൻ കമ്മീഷൻ നിർദ്ദേശിക്കുന്നു. വിവരാവകാശ അപേക്ഷയിൽ ഹർജികക്ഷി ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുള്ളതായി കാണുന്നതിനാൽ ഈ അപ്പീൽ ഹർജിയിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2021, ഡിസംബർ 17 –ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

dp